"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി. ശോഭ ബി എസ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 9397/2022, WP(C) No.13580/2022 എന്നീ കേസുകളിന്മേലുള്ള 12.10.2022 തീയതിയിലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1676/2025/LSGD തീയതി,തിരുവനന്തപുരം, 05-07-2025

---

പരാമർശം:-

1. സ.ഉ (എം.എസ്) നം. 14/82/എൽ.ബി.ആർ തീയതി. 22.04.1982
2. സ.ഉ (എം.എസ്) നം. 91/2001/തസ്വഭവ തീയതി. 29.03.2001
3. വർക്കല നഗരസഭ സെക്രട്ടറിയുടെ 29.01.2022 ലെ ജി1/2786/11 നമ്പർ കത്ത്
4. ശ്രീമതി. ശോഭ ബി എസ് ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 9397/2022, WP(C) No.13580/2022 എന്നീ കേസുകളിന്മേലുള്ള 12.10.2022 തീയതിയിലെ വിധിന്യായം
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 06.02.2024 ലെ LSGD/PD/67144/2023-DEF4 നമ്പർ കത്ത്

**ഉത്തരവ്**

വർക്കല നഗരസഭയിലെ കണ്ടിജന്റ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ശ്രീമതി ശോഭ ബി എസ് ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)9397/2022, WP(C) No.13580/2022 എന്നീ കേസുകളിന്മേലുള്ള പരാമർശം (4) വിധിന്യായ പ്രകാരം, Exhibit P6 നിയമാനുസൃതമായി പരിഗണിച്ച് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിച്ചിരുന്നു. Exhibit P6 എന്നത് വർക്കല നഗരസഭ സെക്രട്ടറി, നഗരകാര്യ ഡയറക്ടർക്കയച്ച 29.01.2022 ലെ കത്താണ് (പരാമർശം 3).

2. വർക്കല നഗരസഭ, 2018-ൽ, 10 കണ്ടിജന്റ് വർക്കർ തസ്തികകളിലേക്ക് നിയമനം നടത്തുവാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലിസ്റ്റ് തേടിയിരുന്നു. നഗരസഭയിൽ താൽക്കാലികമായി ജോലി ചെയ്തിരുന്ന 24 പേരെയും തിരഞ്ഞെടുപ്പ് പ്രക്രിയയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി.ജ്യോതി മുതൽ പേർ WP(C) 17022/2019 നമ്പർ കേസ് ഫയൽ ചെയ്തിരുന്നു. ടി കേസിലെ ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെത്തുടർന്ന് ഇവരെയും ഉൾപ്പെടുത്തി 26.06.2019ൽ ഇന്റർവ്യൂ നടത്തി മാർക്കിന്റെ അടിസ്ഥാനത്തിൽ കരട് റാങ്ക് ലിസ്റ്റ് തയ്യാറാക്കി 05.02.2021ന് കൗൺസിലിന് സമർപ്പിച്ചെങ്കിലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലും ചില കൗൺസിൽ അംഗങ്ങളുടെ വിയോജിപ്പിനെത്തുടർന്നും പ്രസ്തുത ലിസ്റ്റ് പരിഗണിച്ചിരുന്നില്ല. തുടർന്ന് ശ്രീമതി.ശോഭ ഫയൽ

ചെയ്ത WP(C) 22142/2021 നമ്പർ കേസിൻമേലുള്ള 16.11.2021-ലെ ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ മുനിസിപ്പാലിറ്റി സെക്രട്ടറിയോട് വിഷയത്തിൽ അടുത്ത മുനിസിപ്പൽ കൗൺസിൽ മീറ്റിംഗിലോ അല്ലെങ്കിൽ 2 മാസത്തിനകമോ അന്തിമ തീരുമാനം കൈക്കൊള്ളണമെന്ന് ഉത്തരവായിരുന്നു. ആയതിന്റെയടിസ്ഥാനത്തിൽ വിഷയം പരിഗണിച്ച കൗൺസിൽ (23.12.2021 ലെ തീരുമാന പ്രകാരം) പ്രസ്തുത കരട് റാങ്ക് ലിസ്റ്റ് റദ്ദ് ചെയ്യുന്നതിന് തീരുമാനിച്ചു. ടി ലിസ്റ്റ് റദ്ദ് ചെയ്യുന്നത് നിയമ വിരുദ്ധമായതിനാൽ ടി വിഷയത്തിൽ ഉചിതമായ നടപടി സ്വീകരിക്കണമെന്ന വർക്കല നഗരസഭ സെക്രട്ടറിയുടെ കത്താണ് Exhibit P6.

3. 30.11.2022-ലെ കൗൺസിൽ യോഗത്തിന്റെ എട്ടാം നമ്പർ തീരുമാനപ്രകാരം പരാതിക്കാരിയായ ശ്രീമതി ശോഭ ബി എസ് നെ 09.01.2023 മുതൽ താൽക്കാലികമായി നിയമിക്കുകയും ടിയാരി ജോലിയിൽ തുടർന്നു വരുന്നതുമാണെന്നും ടി തസ്തികയിലെ നിയമനം സംബന്ധിച്ച് സർക്കാരിൽ നിന്നുള്ള അന്തിമ തീരുമാനം ലഭ്യമാകുന്നതുവരെയാണ് ടിയാളെ താൽക്കാലികമായി (daily wages) നിയമിച്ചിട്ടുള്ളതെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. The Kerala Municipality Act, 1994, Sec 224, Appointing Authorities നെ സംബന്ധിച്ചാണ് പ്രതിപാദിച്ചിട്ടുള്ളത്. പ്രസ്തുത വകുപ്പ് താഴെപറയും പ്രകാരമാണ്.

" Section 224 (1) - The Council shall be the appointing authority in respect of the contingent posts in the Municipal Service and appointment orders in respect of them shall be issued by the Secretary, with the approval of the Council.
(2) The Government or the officer authorised by them in this behalf shall be the appointing authority in respect of all other posts whether they are included in the Municipal Common Service or not. "

Section 224(1) പ്രകാരം കണ്ടിജൻറ് വിഭാഗം ജീവനക്കാരുടെ നിയമനാധികാരി മുനിസിപ്പൽ കൗൺസിൽ ആണ്. പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയമനത്തിനായി പകരക്കാരായ കണ്ടിജന്റ് തൊഴിലാളികളെ തിരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. പരാമർശം (2) ഉത്തരവ് പ്രകാരം സംസ്ഥാനത്തെ നഗരസഭകളിൽ 31/12/2000 വരെ ദിവസകൂലി അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട കണ്ടിജന്റ് വിഭാഗം തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി പരിഗണിക്കുന്നതിനുള്ള യോഗ്യതരീതി സംബന്ധിച്ചാണ് പ്രതിപാദിച്ചിട്ടുള്ളത്.

5. 26.06.2019 ൽ മുൻ നഗരസഭാ ചെയർപേഴ്സൺ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എന്നിവർ ഉൾപ്പെട്ട ഇന്റർവ്യൂ ബോർഡ് തയ്യാറാക്കിയ, ശുചീകരണ തൊഴിലാളികളുടെ കരട് റാങ്ക് പട്ടിക കൗൺസിൽ പരിഗണിക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ലാത്തതാണ്. മേൽ സാഹചര്യത്തിൽ കേരള മുനിസിപ്പാലിറ്റി ആക്ട് 224(1) വകുപ്പ് പ്രകാരം നഗരസഭകളിലെ കണ്ടിൻജന്റ് തസ്തികകളിലെ നിയമനാധികാരി കൗൺസിൽ ആയിരിക്കുന്നതിനാലും, കണ്ടിൻജന്റ് ജീവനക്കാരുടെ നിയമനം കൗൺസിലിൽ

നിക്ഷിപ്തമാണെന്നതിനാലും, ആയത് സംബന്ധിച്ച് പരാമർശം (1), (2) എന്നീ സർക്കാർ ഉത്തരവുകൾ നിലവിലുള്ളതിനാലും 23.12.2021 ലെ 17-ാം നമ്പർ കൗൺസിൽ തീരുമാനം അംഗീകരിച്ച് അപ്രകാരം വർക്കല മുനിസിപ്പാലിറ്റി സെക്രട്ടറിയുടെ Exhibit P6 കത്തിന്മേൽ തീരുമാനം കൈക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

6. ബഹു. കേരള ഹൈക്കോടതിയുടെ WP(C) 9397/2022 WP(C) No.13580/2022 എന്നീ കേസുകളിന്മേലുള്ള 12.10.2022 തീയതിയിലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അഞ്ജലിദേവി എ ജി
അണ്ടർ സെക്രട്ടറി

1. അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം
3. സെക്രട്ടറി, വർക്കല നഗരസഭ
4. ശ്രീമതി. ശോഭ ബി എസ്, കണ്ടിജന്റ് വർക്കർ, വർക്കല നഗരസഭ ( വർക്കല നഗരസഭ സെക്രട്ടറി മുഖേന)
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
7. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 05-07-2025 11:49:52
സെക്ഷൻ ഓഫീസർ